"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയകാലത്ത് നഷ്ടപ്പെട്ടുപോയ കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാലികളെ സംസ്ഥാനത്തിനകത്തു നിന്നോ പുറത്തു നിന്നോ വാങ്ങാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

**സ.ഉ.(സാധാ) നം.158/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/01/2020

---

പരാമർശം:- 1 ഡിഎ1/652/2018/തസ്വഭവ സർക്കുലർ, തീയതി 17.09.2019

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം, തീരുമാനം 3.9

## ഉത്തരവ്

പ്രളയക്കെടുതി മൂലം കുറവ് വന്ന സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കന്നുകാലികളെ സംസ്ഥാനത്തിന് പുറത്ത് നിന്നും വാങ്ങണമെന്നും ഇങ്ങനെ വാങ്ങാൻ കർഷകർ എടുക്കുന്ന ലോണിന്റെ പലിശ തദ്ദേശസ്ഥാപനങ്ങൾ പൂർണ്ണമായി നൽകുന്ന രീതി പരിഗണിക്കണമെന്നും സൂചന (1) സർക്കുലർ ക്ര.നം. 9 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും കന്നുകാലികളെ സംസ്ഥാനത്തിനകത്തു നിന്നും വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

2. ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്നതനുസരിച്ച് കന്നുകാലികളെ സംസ്ഥാനത്തിനകത്തു നിന്നോ പുറത്തു നിന്നോ വാങ്ങാൻ അനുമതി നൽകാവുന്നതാണെന്ന് കമ്മിറ്റിയുടെ സൂചന (2) യോഗത്തിൽ മൃഗസംരക്ഷണ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രളയകാലത്ത് നഷ്ടപ്പെട്ടുപോയ കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, തദ്ദേശഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്നതനുസരിച്ച് കന്നുകാലികളെ സംസ്ഥാനത്തിനകത്തു നിന്നോ പുറത്തു നിന്നോ വാങ്ങാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹസീനാ ബീഗം എ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ / ഓഫീസ് കോപ്പി (1408575)

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് -ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ